


# വേദവും തുലാസും ദൈവനീതിയുടെ അടയാളങ്ങള്‍

**ടി. മുഹമ്മദ്**

**പ്രവാചകന്റെ** കാലത്ത് തുഅ്മതുബ്‌നു ഉബൈരിഖ് എന്ന മുസ്‌ലിം സമുദായാംഗം ഒരു അന്‍സ്വാരിയുടെ പടയങ്കി മോഷ്ടിച്ചു. അന്‍സ്വാരി പ്രവാചകന്റെ പക്കല്‍ പരാതി ബോധിപ്പിക്കുകയും തുഅ്മയെ സംശയിക്കുന്നതായി പറയുകയും ചെയ്തു. പിടിക്കപ്പെടും എന്ന് വന്നപ്പോള്‍ മോഷ്ടിച്ച പടയങ്കി തുഅ്മ ഒരു ജൂതന്റെ വശം ഏല്‍പിച്ചു. ഉടമയുടെ അന്വേഷണത്തെ തുടര്‍ന്ന് ജൂതനില്‍നിന്ന് പടയങ്കി കണ്ടെടുത്തപ്പോള്‍ തുഅ്മ കുറ്റം ജൂതനില്‍ ആരോപിച്ചു. തന്റെയടുത്ത് തുഅ്മ പടയങ്കി സൂക്ഷിക്കാനേല്‍പിച്ചതിന് ജൂതന്‍ മറ്റൊരു ജൂതനെ സാക്ഷിയാക്കി ഹാജരാക്കിയെങ്കിലും തുഅ്മതുബ്‌നു ഉബൈരിഖും അദ്ദേഹത്തിന്റെ ഗോത്രമായ നജ്ഫര്‍ ഗോത്രവും അംഗീകരിക്കാന്‍ സന്നദ്ധമായില്ല. കുടുംബത്തിന്റെ ന്യായമിതായിരുന്നു: 'ഇവനോ ഒരു യഹൂദി, സത്യത്തെയും അല്ലാഹുവിന്റെ ദൂതനെയും നിഷേധിക്കുന്ന ഇവന്റെ വാദം ഒരിക്കലും വിശ്വസനീയമല്ല. വിശ്വാസികളായ ഞങ്ങളുടെ വാദമാണ് അംഗീകരിക്കേണ്ടത്'. കേസിന്റെ ബാഹ്യറിപ്പോര്‍ട്ടുകള്‍ ഉബൈരിഖിനും നജ്ഫര്‍ ഗോത്രത്തിനും അനുകൂലമായിരുന്നു. അതിനാല്‍ പ്രവാചകന്‍ യഹൂദിക്കെതിരായി വിധി പ്രസ്താവിക്കാന്‍ തുനിഞ്ഞു. അപ്പോഴാണ് ഖുര്‍ആനിലെ നാലാമധ്യായത്തിലെ പത്ത് വചനങ്ങള്‍ ഒരു മുസ്‌ലിമിനെതിരെ ജൂതനുവേണ്ടി അവതരിക്കുന്നത് (*അന്നിസാഅ്* 105-115).

പലതരം സംഘടിത സ്വരൂപങ്ങള്‍ മനുഷ്യന്റെ നല്ല ജീവിതത്തില്‍ ഏറെ പ്രധാനമാണ്. കുടുംബം, ഗോത്രം, രാഷ്ട്രം, മതം... അങ്ങനെയങ്ങനെ പലതും. എല്ലാ ഘടനകളിലും അന്തര്‍ലീനമായ വിഷമാണ് അതിന്റെ പേരിലുള്ള പക്ഷപാതിത്വങ്ങള്‍. മനുഷ്യന് ഒരുപാട് സദ്ഫലങ്ങള്‍ നല്‍കേണ്ടിയിരുന്ന കുടുംബവും ഗോത്രവും മതവും രാജ്യവുമൊക്കെ മനുഷ്യചരിത്രത്തിലെ അര്‍ബുദ മുഴകളായത് അങ്ങനെയാണ്. മനുഷ്യന്റെ ഇത്തരം സാമൂഹിക ശരീരങ്ങള്‍ക്ക് ദൈവികതയുടെ സ്പര്‍ശവും ധാര്‍മികതയുടെ പുണ്യവും ചോര്‍ന്നുതീരുമ്പോഴാണ് അത് അനീതിയുടെ ആകാരമാവുന്നത്. ഇസ്‌ലാം സ്വയം അതിന്റെ ശരീരത്തില്‍നിന്ന് ഈ വിഷമകറ്റുന്നു. കുടുംബത്തെയും ഗോത്രത്തെയും രാഷ്ട്രത്തെയും പോലുള്ള മറ്റു സാമൂഹികരൂപങ്ങളെ -ശരിയായാലും തെറ്റായാലും- ഞങ്ങളുടെ കുടുംബം, ഗോത്രം, രാജ്യം എന്ന പാപചിന്തയില്‍നിന്ന് കഴുകിയെടുത്ത് ദൈവികനന്മകളുടെ താളവിന്യാസത്തില്‍ ലയിപ്പിക്കുകയും ചെയ്യുന്നു. അപ്പോള്‍ ഒരുപാട് ഗുണഫലങ്ങള്‍ മനുഷ്യന്റെ പൊതു സാമൂഹികശരീരത്തിലേക്ക് പ്രദാനം ചെയ്യുന്ന അവയവങ്ങളായി അവ പരിണമിക്കുന്നു. ഇത് ദൈവികതയുടെയും ധാര്‍മികതയുടെയും ഒരു മാന്ത്രികതയാണ്. കുടുംബപക്ഷപാതിത്വത്തിനെതിരെ ഒരു ജീവിതംകൊണ്ട് പൊരുതുകയും കുടുംബത്തെക്കുറിച്ച് ഒരുപാട് സംസാരിക്കുകയും ചെയ്ത മഹാനുഭാവനാണ് പ്രവാചകന്‍. ഗോത്ര, മത, ജാതി, ദേശ വര്‍ഗീയതകള്‍ എന്നും മനുഷ്യവംശം പേറിനടന്ന, സഹിക്കേണ്ടിവന്ന രോഗവും ദുരന്തവുമാണ്. മനുഷ്യന്റെ രക്ഷയെ വിഷയമാക്കിയ പ്രവാചകന്മാരും സുകൃതികളും എന്നും ഇതിനെ ശുശ്രൂഷിക്കാന്‍ ശ്രമിച്ചുപോന്നിട്ടുണ്ട്. വര്‍ഗീയതയുടെ ഔഷധം നീതിയാണ്. നീതിയെ ഉള്ളില്‍ നിറച്ചും പുറമെ വഹിച്ചും മാത്രമേ വര്‍ഗീയതയെ ചെറുക്കാനാവൂ. എല്ലാ പ്രവാചക ചരിത്രങ്ങളും വര്‍ഗീയതക്കെതിരായ നിരന്തര സമരങ്ങളുടെ ചരിത്രരേഖകള്‍ കൂടിയാണ്.

തഴയപ്പെട്ട അധഃസ്ഥിത ഗോത്രങ്ങളെ മാറ്റിനിര്‍ത്തി നൂഹ് നബിക്ക് ദൈവത്തെക്കുറിച്ച് സംസാരിക്കാന്‍ കഴിയുമായിരുന്നില്ല. നീതിനിഷേധിക്കപ്പെടുന്ന ഇസ്രായേല്‍ മക്കളെക്കുറിച്ച് നിശ്ശബ്ദത പാലിച്ചുകൊണ്ട് മൂസാ നബിക്ക് അല്ലാഹുവിനെ പരിചയപ്പെടുത്തുക സാധ്യമായിരുന്നില്ല. കാരണം നീതിയുടെ ഉറവയായ ദൈവത്തിലേക്കായിരുന്നു അവര്‍ക്ക് മനുഷ്യരെ വിളിക്കാനുണ്ടായിരുന്നത്. നാം ദൈവത്തിലേക്കും ദൈവികനന്മകളിലേക്കും ചേര്‍ന്ന് നില്‍ക്കുമ്പോള്‍ നമ്മിലെ വര്‍ഗീയത കത്തിക്കരിഞ്ഞ് ചാരമാവും. ആത്മീയതയുടെ എതിര്‍പദമാണ് വര്‍ഗീയത എന്നു പറഞ്ഞത് മലയാളത്തിലെ പ്രസിദ്ധ എഴുത്തുകാരന്‍ സച്ചിദാനന്ദനാണ്. യഥാര്‍ഥ ദൈവത്തെ മാറ്റിനിര്‍ത്തുമ്പോള്‍ പിന്നെ അവനവന്‍ തന്നെയാണ് ദൈവം (*അല്‍ഫുര്‍ഖാന്‍* 43), അഥവാ തന്റെ താല്‍പര്യങ്ങള്‍ തന്നെയാണ് ഏറ്റവും വലുത്. ശരിയുടെയും തെറ്റിന്റെയും നീതിയുടെയും അനീതിയുടെയും അളവുകോല്‍ എന്റെയും എന്റെ ആളുകളുടെയും കാര്യലാഭവും. അപ്പോള്‍ അനീതിക്കും വര്‍ഗീയതക്കുമെതിരായ സമരം ഇസ്‌ലാമികദൈവശാസ്ത്ര(തൗഹീദ്)ത്തിന്റെ ഭാഗമാണ്. ശരിതെറ്റുകള്‍ക്ക് ദൈവത്താല്‍ നിര്‍ണയിക്കപ്പെട്ട

**മനുഷ്യരെല്ലാവരും നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവരാണ്. മനുഷ്യരുടെ പൊതുവായ നൈതികതൃഷ്ണകളെ സാക്ഷാത്കരിക്കാന്‍ ഇസ്‌ലാം ശ്രമിക്കുന്നു. ഈ നൈതികാഭിലാഷങ്ങളെ ആര്‍ക്ക് സാക്ഷാത്കരിച്ചുതരാന്‍ കഴിയും എന്നതാണ് ഏതു ജനതയും ഉന്നയിക്കുന്ന ഒന്നാമത്തെ രാഷ്ട്രീയ ചോദ്യം. ഇസ്‌ലാം അംഗീകരിക്കാത്ത സമൂഹത്തിന്റേതടക്കം ഈ നൈതികതൃഷ്ണകളുടെ സാഫല്യത്തിന്റെ ഉത്തരവാദിത്വം ഇസ്‌ലാം അതിന്റെ ധാര്‍മികതയുടെ കരുത്തുകൊണ്ട് ഏറ്റെടുക്കുന്നു. ഏത് സമൂഹത്തിലും പ്രസക്തമാവുന്ന ഇസ്‌ലാമിന്റെ രാഷ്ട്രീയ സാധ്യതയിതാണ്.**

മാനദണ്ഡങ്ങൾ അംഗീകരിക്കുക എന്നതാണ് ഇസ്‌ലാമിക വിശ്വാസത്തിന്റെ ഏറെ പ്രധാനമായ ഒരു ഭാഗം. നീതിന്യായങ്ങൾക്ക് എനിക്ക് എന്റേതായ തീരുമാനങ്ങളുണ്ട് എന്ന വർഗീയതയുടെ വിചാരതലം ഒരാൾ മൗലികമായി അംഗീകരിച്ചാൽ അവൻ ഇസ്‌ലാമിക വിശ്വാസത്തിൽനിന്ന് സ്വയം പുറത്തുപോവുകയാണ്.

ശരിതെറ്റുകൾക്ക് ദൈവനിർണിതമായ അതിരടയാളങ്ങൾ അംഗീകരിക്കാത്ത, ജീവിതമൂല്യങ്ങൾ മാറിക്കൊണ്ടിരിക്കുന്നതാണെന്ന് വിശ്വസിക്കുന്ന മത-മതേതര ഭൗതികതകളാണ് അനീതിയുടെയും വർഗീയതയുടെയും ദാർശനിക സാമ്രാജ്യങ്ങൾ.

തന്റെ പെരുമാറ്റത്തിനും ഇടപഴകലിനും ഇടയാവുന്ന വ്യക്തി ശത്രുവാണെങ്കിലും അവൻ തങ്ങളോട് ചെയ്തത് അപരാധമായിരിക്കെതന്നെ അവനോട് നീതിസഹിതമേ പെരുമാറാവൂ എന്നാണ് ഖുർആനികശാസന (*അൽമാഇദ* 8). അതിനു കാരണം നീതി ഉൾപ്പെടെ സർവ മൂല്യകൽപനകൾക്കും വ്യക്തിനിരപേക്ഷമായ, ദൈവനിർണിതമായ അടിസ്ഥാനങ്ങളുണ്ട് എന്നതാണ്.

നീതിയുടെ കണ്ണാടിക്കൂട്ടങ്ങളാവേണ്ട മുസ്‌ലിംസമൂഹം ദൈവിക മൂല്യങ്ങളുടെ ആകാശങ്ങളിൽനിന്നകന്ന് ഭൗതികതയെ ഒട്ടിപ്പിടിക്കുമ്പോഴൊക്കെ അനീതിയെ പ്രതിനിധീകരിക്കുന്നവരും വർഗീയവാദികളുമായിട്ടുണ്ട്. പൂർവ മുസ്‌ലിംസമൂഹമായ ബനൂഇസ്രാഈൽ, തങ്ങൾ വംശീയമായി ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനതയാണെന്നും അവന്റെ മക്കളും ഇഷ്ടക്കാരുമാണെന്നും വിശ്വസിക്കുകയും ജന്മം കൊണ്ടുതന്നെ ഞങ്ങൾ മറുലോകജീവിതത്തിൽ രക്ഷപ്രാപിക്കുമെന്ന് വാദിച്ചവരുമായിരുന്നു. പലിശ നിഷിദ്ധമാണെന്ന ദൈവികകൽപനക്ക് അവർ നൽകിയ വംശീയ വിവർത്തനം ഒരു വിശ്വാസിയോട് പലിശ വാങ്ങരുത്, അവിശ്വാസിയോട് വാങ്ങാം എന്നായിരുന്നു. പുറംസമൂഹങ്ങളോട് വർഗീയതയുടെയും അനീതിയുടെയും അടിത്തറകളിൽ നിലപാട് സ്വീകരിക്കുക മാത്രമല്ല, സമുദായത്തിനകത്ത് ഭൗതികവിഭവങ്ങൾ ഉള്ളവർക്കും ഇല്ലാത്തവർക്കുമിടയിൽ വിതരണം ചെയ്യുമ്പോൾ അനീതിയുടെ നയനിലപാടുകൾ അവർ പുലർത്തുകയും ചെയ്തു.

സ്വന്തം എന്ന് പറയാവുന്ന എല്ലാറ്റിനോടും മനുഷ്യനുള്ള സഹജസ്നേഹത്തെ ഇസ്‌ലാം തച്ചുടക്കാൻ ശ്രമിക്കുന്നില്ല. സ്വന്തക്കാരോട് സവിശേഷം സ്നേഹബന്ധങ്ങളുണ്ടാവും. പക്ഷേ, ആ അടുപ്പത്തെ അനീതിയുടെ കാരണമാവാതെ കാക്കണം. സ്വന്തത്തോടുള്ള സ്നേഹത്തെ പോലും (*അന്നിസാഅ്* 135). സ്വന്തം രാജ്യക്കാരോടും പാർട്ടിക്കാരോടും മതക്കാരോടും കുടുംബക്കാരോടുമുള്ള സ്നേഹത്തെ സഫലമാക്കേണ്ടത് അന്യനോടുള്ള അനീതിയിലൂടെയല്ല, സ്വന്തക്കാരന്റെ അനീതിയെയും അക്രമത്തെയും അവരിൽനിന്ന് തടഞ്ഞുനിർത്തിക്കൊണ്ടാണ്. പ്രവാചകൻ ഒരിക്കൽ പറഞ്ഞു: 'നിങ്ങളുടെ സഹോദരനെ, അവൻ അക്രമിയാണെങ്കിലും അക്രമിക്കപ്പെട്ടവനാണെങ്കിലും സഹായിക്കുക.' ഇത് അനിസ്‌ലാമിക ഗോത്രവ്യവസ്ഥയുടെ അടിസ്ഥാന മുദ്രാവാക്യമായിരുന്നു. അവർഗീയതയുടെ പാഠങ്ങൾ പ്രവാചകനിൽനിന്ന് പഠിച്ചുകൊണ്ടേയിരുന്ന ശിഷ്യന്മാർ അത്ഭുതത്തോടെ ചോദിച്ചു: 'അതെങ്ങനെയാണ് പ്രവാചകരേ? അക്രമിക്കപ്പെട്ടവനാണെങ്കിൽ സഹായിക്കാം. അക്രമിയായ സഹോദരനെ എങ്ങനെ സഹായിക്കും?' പ്രവാചകൻ പറഞ്ഞു: 'അക്രമിയായ സഹോദരനെ അവന്റെ അക്രമത്തിൽനിന്ന് പിന്തിരിപ്പിക്കലാണ് അവനുള്ള സഹായം.'

അനീതിയുടെ സാമ്പത്തികരൂപമാണ് അഴിമതി. മനുഷ്യൻ അന്യന്റെ അവകാശം ഏറ്റവും കവർന്നെടുക്കാറ് പണപ്രേരണയാലാണ്. അളവും തൂക്കവും അതിലെ നീതിയും വേദം വളരെയേറെ പറഞ്ഞ ഒന്നാണ് (*അൽഅൻആം* 152, *ഹൂദ്* 35, *മുത്വഫ്ഫിഫീൻ* 1–5). പണത്തേക്കാൾ നീതിയെയും നീതിയുടെ പരമസ്രോതസ്സായ ദൈവത്തെയും സ്നേഹിക്കാൻ, നീതി മാത്രം പുലരുന്ന പരലോകത്തെ പേടിക്കാൻ ഖുർആൻ പലവട്ടം പറയുന്നുണ്ട് (സൂറഃ*അൽഹുമസ*, *അൽമുത്തഫ്ഫിഫീൻ*). ചോദിക്കാൻ ആരുമില്ലാത്ത അനാഥരുടെ മുതലിനെക്കുറിച്ച താക്കീതുകൾ ഇതിന്റെ മറ്റൊരു ഖുർആനിക രേഖയാണ് (*അന്നിസാഅ്* 2,3).

അനീതിയെ ചലനനിയമമായി അംഗീകരിച്ച സാമ്പത്തികവ്യവഹാര രീതിയാണ് പലിശ. പലിശയെ തള്ളിപ്പറഞ്ഞേ സാമ്പത്തികനീതിക്കായുള്ള സമരത്തെ വികസിപ്പിക്കാനാവൂ. അക്രമം അവസാനിപ്പിക്കാനാണ് ഖുർആൻ പലിശക്കടിയിൽ നിരോധത്തിന്റെ കൈയൊപ്പ് വെച്ചത്, യുദ്ധത്തിന്റെ വിളംബരം മുഴക്കിയത് (*അൽബഖറ* 279). സാമ്പത്തിക അനീതിയുടെ വ്യവസ്ഥാപിത രൂപമാണ് പലിശ. പലിശക്കെതിരെ ദാനം എന്നതാണ് ഇസ്‌ലാമിക നൈതിക സമ്പദ്‌വ്യവസ്ഥയുടെ മുദ്രാവാക്യം. നീതി സാങ്കേതികതക്കപ്പുറം ദൈവത്തെയും അവന്റെ സൃഷ്ടികളെയും സ്നേഹിക്കുന്നവന്റെ ആത്മഭാവമായി വളരുന്നതിന്റെ അടയാളമാണത് (*അൽബഖറ* 230). ആ ആത്മഭാവത്തെ നിയമമായി നിശ്ചയിച്ചതാണ് സകാത്ത്. അനീതിയെ പ്രമാണവും ഗതിക്രമവുമാക്കിയ സമകാലിക ലോകസമ്പദ്‌വ്യവസ്ഥക്ക് നൈതികതയുടെ ഉള്ളടക്കവും ഘടനയും നൽകി അഴിച്ചുപണിയാൻ പൊരുതിക്കൊണ്ടേയിരിക്കുക എന്നതാണ് നല്ല മനുഷ്യരുടെ മുന്നിലുള്ള ദൗത്യം.

അനീതി സ്വയം ഒരു തിന്മയാണെന്ന് മാത്രമല്ല, സമൂഹത്തിൽ മറ്റൊരുപാട് തിന്മകൾക്കത് വഴിയുമായിത്തീരുന്നു. നീതി നിഷേധിക്കപ്പെടുമ്പോൾ അക്രമങ്ങളുണ്ടാവുക എന്നത് ഭൗതികമായ ഒരു സ്വാഭാവികതയാണ്. നീതിനിഷേധിക്കപ്പെട്ടാലും അക്രമം ചെയ്യാതിരിക്കുക എന്നത് ധാർമികതയാണ്. നീതി നിഷേധം നാട്ടിൽ കുഴപ്പമുണ്ടാക്കലാണെന്നാണ് ഖുർആൻ പറയുന്നത് (*ഹൂദ്* 35). അനീതിക്കിരയാവുന്നവന്റെ പ്രാർഥന ഏറെ വിലപ്പെട്ടതാവുന്നതിന്റെ കാരണമിതാണ്. അതുകൊണ്ട് നീതിയിലേക്കുള്ള പ്രബോധനം സമൂഹത്തിന്റെ സന്തുലിതാവസ്ഥക്കുള്ള വിളിയാളമാണ്. നീതിനിഷേധിക്കപ്പെടുന്നവന്റെ പക്ഷം പിടിക്കുക എന്നത് ദൈവിക നീതിയുടെ ഭാഗമാണ് (*അൽഖസ്വസ്* 5). മനുഷ്യർക്ക് നീതി നിഷേധിക്കപ്പെടുമ്പോഴും അക്രമത്തിനിരയാവുമ്പോഴും നോക്കിനിൽക്കുന്നത് ദൈവധിക്കാരമാണ്.

വേദവും തുലാസും ദൈവനീതിയുടെ ചിഹ്നങ്ങളാണ്. 'വ്യക്തമായ തെളിവുകളുമായി നാം നമ്മുടെ ദൂതന്മാരെ അയച്ചിട്ടുണ്ട്. അവരോടൊപ്പം വേദവും തുലാസും അവതരിപ്പിച്ചിരിക്കുന്നു. മനുഷ്യൻ നീതിപൂർവം നിലകൊള്ളാൻ. നാം ഇരുമ്പും ഇറക്കിയിരിക്കുന്നു. അതിൽ വമ്പിച്ച ശക്തിയുണ്ട്. ആളുകൾക്ക് ഉപകാരവും. അല്ലാഹുവിനെ കാണാതെതന്നെ അവന്റെയും അവന്റെ ദൂതനെയും പിന്തുണക്കുന്നതാരെന്നും കണ്ടറിയേണ്ടതിനാണിത്' (*അൽഹദീദ്* 25).

മനുഷ്യരെല്ലാവരും നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവരാണ്. മനുഷ്യരുടെ പൊതുവായ നൈതികതൃഷ്ണകളെ സാക്ഷാത്കരിക്കാൻ ഇസ്‌ലാം ശ്രമിക്കുന്നു. ഈ നൈതികാഭിലാഷങ്ങളെ ആർക്ക് സാക്ഷാത്കരിച്ചുതരാൻ കഴിയും എന്നതാണ് ഏതു ജനതയും ഉന്നയിക്കുന്ന ഒന്നാമത്തെ രാഷ്ട്രീയ ചോദ്യം. ഇസ്‌ലാം അംഗീകരിക്കാത്ത സമൂഹത്തിന്റേതടക്കം ഈ നൈതികതൃഷ്ണകളുടെ സാഫല്യത്തിന്റെ ഉത്തരവാദിത്വം ഇസ്‌ലാം അതിന്റെ ധാർമികതയുടെ കരുത്തുകൊണ്ട് ഏറ്റെടുക്കുന്നു. ഏത് സമൂഹത്തിലും പ്രസക്തമാവുന്ന ഇസ്‌ലാമിന്റെ രാഷ്ട്രീയ സാധ്യതയിതാണ്.

നീതി ഒരു വരണ്ട കോടതി വ്യവഹാര വിഷയമല്ല. പ്രപഞ്ച ചലനത്തിന്റെ സംഗീതമാണത്. 'സൂര്യചന്ദ്രന്മാർ ഒരു കണക്കിന് വിധേയമാവുന്നു. നക്ഷത്രവും മരവും പ്രണാമം ചെയ്യുന്നുണ്ട്. അവൻ ആകാശത്തെ ഉയർത്തി. തുലാസ് സ്ഥാപിക്കുകയും ചെയ്തു. നിങ്ങൾ തുലാസിൽ കൃത്രിമം കാണിച്ചുകൂടാ എന്നതിനാൽ നീതിപൂർവം തൂക്കുക. തുലാസിൽ കുറവ് വരുത്തരുത്' (*അർറഹ്മാൻ* 7–9). നാഗരികതയുടെ നിലനിൽപിന്റെ ആധാരമാണത്. വർഗീയതക്കും മുതലാളിത്തത്തിനും ഭരണകൂട ഭീകരതക്കുമെതിരായ പോരാട്ടത്തിന്റെ വിചാരപ്രതലമാണത്.

■